REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 05-04-2025 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ശ്രീലങ്കയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ആചാരപരമായ വരവേൽപ്പ്.
- രാമേശ്വരത്തെ പുതിയ പാമ്പൻ റെയിൽപാലം നാളെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിക്കും.
- കണ്ണൂരിനെ മാലിന്യമുക്ത ജില്ലയായി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പ്രഖ്യാപിച്ചു, കോഴിക്കോട്ടെ പ്രഖ്യാപനം വൈകിട്ട്.
- കാലിക്കറ്റ് സർവകലാശാല ക്യാംപസിൽ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ തുടങ്ങുമെന്ന് മന്ത്രി V അബ്ദുറഹിമാൻ.
- ലോകകപ്പ് ബോക്സിംഗിൽ ഇന്ത്യയുടെ അഭിനാഷ് ജാംവാൾ ഫൈനലിൽ.

## വാർത്തകൾ വിശദമായി

ത്രിദിന സന്ദർശനത്തിനായി ശ്രീലങ്കയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് രാവിലെ കൊളംബോയിൽ ആചാരപരമായ വരവേൽപ്പ് നൽകി. ഇൻഡിപെൻഡൻസ് സ്ക്വയറിലെ ചടങ്ങിൽ ശ്രീലങ്കൻ പ്രസിഡന്റ് അനുരകുമാര ദിസനായകെ ഉൾപ്പെടെ നേതാക്കൾ പ്രധാനമന്ത്രിയെ സ്വീകരിച്ചു. തുടർന്ന് ദിസനായകെയുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

ഇന്നലെ വൈകിട്ടാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി കൊളംബോയിൽ എത്തിയത്. പ്രസിഡന്റ് ദിസനായകെ അധികാരമേറ്റതി നുശേഷം ശ്രീലങ്ക സന്ദർശിക്കുന്ന ആദ്യ വിദേശരാഷ്ട്ര തലവനാണ് നരേന്ദ്രമോദി.

✪✪✪

രാജ്യത്തിന്റെ പുരോഗതിക്കായി കപ്പൽ മേഖലയെയും തുറമുഖങ്ങളെയും തുടർന്നും ശക്തിപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഇന്ത്യയുടെ സമ്പന്നമായ കപ്പലോട്ട ചരിത്രത്തെയും രാഷ്ട്ര നിർമാണത്തിൽ ഈ മേഖല വഹിച്ച പങ്കിനെയും ഓർക്കുന്നതായും ദേശീയ കപ്പലോട്ട ദിനത്തിൽ സമൂഹ മാധ്യമത്തിലെ കുറിപ്പിൽ പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

രാമേശ്വരത്തെ പുതിയ പാമ്പൻ റെയിൽപാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും. കപ്പൽ സഞ്ചാരത്തിന് തടസ്സമാകാത്ത ഇന്ത്യയിലെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് കടൽപ്പാലമാണ് രാമേശ്വരത്ത് നിർമ്മിച്ചത്. പാലത്തിലൂടെ കടന്നുപോകുന്ന ആദ്യ ട്രെയിനും  അടിയിലൂടെ കടന്നുപോകുന്ന കപ്പലും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്യും. കേന്ദ്രമന്ത്രിമാരായ  അശ്വിനി വൈഷ്ണവും സഹമന്ത്രി ഡോ.  L മുരുകനും ആദ്യ ട്രെയിനിൽ സഞ്ചരിക്കും. പരിപാടിയുടെ മുന്നൊരുക്കത്തിനായി അശ്വിനി വൈഷ്ണവ് ഇന്നും നാളെയും രാമേശ്വരത്ത് ഉണ്ടായിരിക്കും.

✪✪✪

മുൻ ഉപപ്രധാനമന്ത്രി ബാബു ജഗ്ജീവൻ റാമിന് അദ്ദേഹത്തിന്റെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ആദരാഞ്ജലി അർപ്പിച്ചു. ദരിദ്രരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും അവകാശങ്ങൾക്കുവേണ്ടി ജഗ്ജീവൻ റാമിന്റെ പോരാട്ടം എപ്പോഴും പ്രചോദനമാണെന്ന് മോദി സമൂഹ മാധ്യമ  പോസ്റ്റിൽ പറഞ്ഞു.

✪✪✪

നാല് മൾട്ടിട്രാക്കിംഗ് റെയിൽ പദ്ധതികൾക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. രാജ്യത്തിന്റെ കണക്റ്റിവിറ്റി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കാനും വിതരണ ശൃംഖലകൾ ശക്തിപ്പെടുത്താനും നടപടി സഹായിക്കുമെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമ പോസ്റ്റുകളിൽ പറഞ്ഞു.

✪✪✪

62-ാം ദേശീയ കപ്പലോട്ട ദിനത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ബോധവത്കരണ വാക്കത്തോൺ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ഉദ്ഘാടനം ചെയ്തു. ഇന്ത്യയെ വികസിത രാജ്യമാക്കി മാറ്റുന്നതിന് എല്ലാവരും സംഭാവന നൽകി സ്വന്തം പങ്കാളിത്തം ഉറപ്പാക്കണമെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ

പ്രധാന അടിസ്ഥാനമാകുന്നത് കപ്പലോട്ട ഗതാഗത രംഗമാണെന്ന് സോനോവാൾ അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ത്യയിലേക്ക് വിദേശികളുടെ പ്രവേശനം, താമസം, ഇമിഗ്രേഷൻ എന്നിവ നിയന്ത്രിക്കുന്ന ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി.

1920-ലെ പാസ്പോർട്ട് നിയമം, 1939-ലെ വിദേശികളുടെ രജിസ്ട്രേഷൻ നിയമം, 1946-ലെ വിദേശികളുടെ നിയമം, 2000-ലെ ഇമിഗ്രേഷൻ കാരിയേഴ്സ് ലയബിലിറ്റി നിയമം എന്നിവ ഇതോടെ റദ്ദാകും.

ഈ ആഴ്ച ആദ്യം പാർലമെന്റിന്റെ ഇരുസഭകളും ബിൽ പാസ്സാക്കിയിരുന്നു.

✪✪✪

CPIM പാർട്ടി കോൺഗ്രസിനോട് അനുബന്ധിച്ച് വൈകിട്ട് മധുരയിൽ സംഘടിപ്പിക്കുന്ന സാംസ്കാരിക പരിപാടിയിൽ തമിഴ് നടൻ പ്രകാശ് രാജ്, എഴുത്തുകാരനും സംവിധായകനുമായ ജ്ഞാനവേൽ തുടങ്ങിയവർ പങ്കെടുക്കും.  പാർട്ടി കോൺഗ്രസ് സമാപന ചടങ്ങിൽ നാളെ വൈകിട്ട് മധുരയിൽ ആയിരക്കണക്കിന് പ്രവർത്തകർ പങ്കെടുക്കുന്ന മഹാ പ്രകടനം സംഘടിപ്പിക്കും.

✪✪✪

തിരുവനന്തപുരത്ത് ആശാ പ്രവർത്തകരുടെ  രാപകൽ സമരം 55-ാം ദിവസവും തുടരുന്നു. സെക്രട്ടേറിയറ്റിനു മുന്നിലെ   അനിശ്ചിതകാല നിരാഹാര സമരം 17-ാം ദിവസമായും തുടരുകയാണ്.

✪✪✪

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കണ്ണൂർ ജില്ലയെ മാലിന്യമുക്ത ജില്ലയായി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പ്രഖ്യാപിച്ചു. ജില്ലയിലെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾ, ഗവൺമെൻറ് സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, കലാലയങ്ങൾ, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ടൗണുകൾ, പൊതു ഇടങ്ങൾ എന്നിവയുടെ ഹരിത പദവി പ്രഖ്യാപനം പൂർത്തിയായ സാഹചര്യത്തിലാണ് ജില്ലാതല പ്രഖ്യാപനം നടത്തിയത്.

✪✪✪

കോഴിക്കോടിനെ മാലിന്യ മുക്ത ജില്ലയായി ഇന്ന് പ്രഖ്യാപിക്കും. കണ്ടംകുളം ജൂബിലി ഹാളിൽ  വൈകീട്ട് മന്ത്രി AK ശശീന്ദ്രൻ പ്രഖ്യാപനം നടത്തും.

70 ഗ്രാമപഞ്ചായത്തുകളും ഏഴ് മുനിസിപ്പാലിറ്റികളും കോഴിക്കോട് കോർപറേഷനും മാലിന്യമുക്ത തദ്ദേശ സ്ഥാപനങ്ങളായി മാർച്ച് 30 നു തന്നെ പ്രഖ്യാപിച്ചിരുന്നു. ജില്ലയിലെ 12 ബ്ലോക്ക് പഞ്ചായത്തുകൾ ഏപ്രിൽ മൂന്നിന് മാലിന്യമുക്ത ബ്ലോക്കുകളായി പ്രഖ്യാപിച്ചു.

✪✪✪

കാലിക്കറ്റ് സർവകലാശാല ക്യാംപസിൽ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ഉടൻ തുടങ്ങുമെന്ന് മന്ത്രി V അബ്ദുറഹിമാൻ പറഞ്ഞു. കായിക കേരളത്തിന്റെ കുതിപ്പും കിതപ്പും എന്ന വിഷയത്തിൽ കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലും കാലിക്കറ്റ് പ്രസ് ക്ലബും സംയുക്തമായി സംഘടിപ്പിക്കുന്ന ഏകദിന സ്പോർട്സ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ രാജ്യങ്ങളിലെ സർവകലാശാലകളുമായി ചർച്ച നടത്തി വിവിധ മേഖലകളിൽ കായിക പരിശീലകർക്ക് പരിശീലനം നൽകുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് വർഷത്തെ രണ്ടാംവിള നെല്ല് സംഭരണം ഊർജ്ജിതമായി നടക്കുകയാണെന്ന് മന്ത്രി GR അനിൽ അറിയിച്ചു. കൊയ്ത്ത് ആരംഭിക്കുന്നതിനും വളരെ മുമ്പേ തന്നെ നോഡൽ ഏജൻസിയായ സപ്ലൈകോ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. ഉദ്യോഗസ്ഥവിന്യാസം പൂർത്തിയാക്കുകയും 57 മില്ലുകളുമായി കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തുവെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

✪✪✪

വനിതാ വ്യവസായ സമിതിയും കുടുംബശ്രീയും സംയുക്തമായി ഒരുക്കിയ വിഷു വിപണന മേള കണ്ണൂർ ടൗൺ സ്ക്വയറിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. വനിതകൾക്ക് വ്യാവസായിക രംഗത്തും നിർമാണ രംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകാൻ സാധിക്കുമെന്നതിന്റെ തെളിവാണ് ഇത്തരം വിപണന മേളകളെന്ന് മന്ത്രി പറഞ്ഞു. ഈ മാസം 13 വരെ നടക്കുന്ന വിപണന മേളയിൽ 64 സ്റ്റാളുകളാണ് ഒരുക്കിയിരിക്കുന്നത്.

✪✪✪

ബ്രസീലിൽ ബോക്സിംഗ് ലോകകപ്പിൽ പുരുഷ 65 കിലോ വിഭാഗത്തിൽ ഇന്ത്യയുടെ അഭിനാഷ് ജാംവാൾ ഫൈനലിൽ എത്തി. ഇറ്റലിയുടെ ഗിയാൻ ലൂയിഗി മലംഗയെയാണ് തോൽപ്പിച്ചത്. ഇന്ന് ഫൈനലിൽ ജാംവാൾ, ബ്രസീലിന്റെ യൂറി റെയ്സിനെ നേരിടും.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സര ത്തിൽ ഉച്ചകഴിഞ്ഞു മൂന്നരയ്ക്ക് ചെന്നൈ സൂപ്പർ കിംഗ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. ചെന്നൈയിലാണ് മത്സരം. മറ്റൊരു മത്സരത്തിൽ വൈകിട്ട് ഏഴരയ്ക്ക് ചണ്ഡിഗഡിൽ രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സിനെ നേരിടും.

✪✪✪

നിലമ്പൂർ വനമേഖലയിൽ മൂന്നിടത്തായി മൂന്ന് കാട്ടാനകളെ ചരിഞ്ഞ നിലയിൽ കണ്ടെത്തി. കരുളായി, മരുത, കാരക്കോട്, പുത്തരിപ്പാടം എന്നിവിടങ്ങളിലാണ് ആനകളുടെ ജഡം കണ്ടെത്തിയത്. പൊലീസും വനം വകുപ്പും സ്ഥലത്തെത്തി പരിശോധന നടത്തി.

✪✪✪

സംസ്ഥാനത്ത് സ്വർണ വിലയിൽ ഇന്നും വൻ ഇടിവ്. പവന് 720 രൂപ കുറഞ്ഞ് 66,480 രൂപയ്ക്കാണ് വ്യാപാരം നടക്കുന്നത്. ഗ്രാമിന് 90 രൂപ കുറഞ്ഞ് 8,310 രൂപയായി. ഇന്നലെ സ്വർണത്തിന് 1,280 രൂപ കുറഞ്ഞിരുന്നു.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജിൽ നിപ സംശയിച്ച് നിരീക്ഷണത്തിൽ കഴിയുന്ന സ്ത്രീയുടെ പരിശോധന ഫലം നെഗറ്റീവായി. മലപ്പുറം സ്വദേശിനിക്കാണ് രോഗമില്ലെന്ന് വ്യക്തമായത്.

✪✪✪

തൊടുപുഴ നഗരസഭ ചെയർമാനായി UDFലെ K ദീപക്കിനെ തെരഞ്ഞെടുത്തു. LDFലെ മിനിമധുവിനെ 12-നെതിരെ 14 വോട്ടിന് ദീപക് പരാജയപ്പെടുത്തി. 26 കൗൺസിലർമാർ വോട്ടെടുപ്പിൽ പങ്കെടുത്തു. BJPയുടെ എട്ട് അംഗങ്ങൾ വോട്ടെടുപ്പിൽ നിന്ന് വിട്ട് നിന്നു. ചെയർമാനായി K.ദീപക് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

✪✪✪

കണ്ണൂർ പറശ്ശിനിക്കടവിനടുത്ത് കോൾമെട്ടയിൽ ലോഡ്ജ്മുറിയിൽ ലഹരി ഉപയോഗിച്ച സംഘത്തെ MDMA-യുമായി എക്സൈസ് പിടികൂടി. മട്ടന്നൂർ മരുതായി സ്വദേശി മുഹമ്മദ് ഷംനാദ്, വളപട്ടണം സ്വദേശി മുഹമ്മദ് ജെംഷിൽ ' ഇരിക്കൂർ സ്വദേശിനീ റഫീന, കണ്ണൂർ സ്വദേശിനി ജസീന എന്നിവരെയാണ് പിടികൂടിയത്. യുവതികൾ പെരുന്നാൾ ദിവസം വീട്ടിൽ നിന്നിറങ്ങി പലസ്ഥലങ്ങളിൽമുറി എടുത്ത് മയക്കുമരുന്നു ഉപയോഗിച്ച് വരികയായിരുന്നു.

✪✪✪

താമരശ്ശേരി രൂപത കത്തോലിക്ക കോൺഗ്രസിന്റെ അവകാശ പ്രഖ്യാപന റാലിയും പൊതുസമ്മേളനവും ഉച്ച കഴിഞ്ഞ് കോഴിക്കോട്ട് നടത്തും. തലശ്ശേരി അതിരൂപത ബിഷപ്പ്, മാർ ജോസഫ് പാംപ്ലാനി മുതലക്കുളത്ത് സമ്മേളനം ഉദ്ഘാടനം ചെയ്യും. വന്യ ജീവി ആക്രമണം തടയാൻ നടപടി,ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷിക്കണം എന്നിവയുൾപ്പെടെ ആവശ്യങ്ങൾ ഉന്നയിച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ചിലയിടങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ലഹരി ഉപയോഗത്തിനും അക്രമങ്ങൾക്കുമെതിരെ  കണ്ണൂരിൽ രൂപീകരിച്ച അമ്മമാരുടെ കൂട്ടായ്മ -മദേഴ്സ് ആർമിയുടെ നേതൃത്വത്തിൽ വൈകിട്ട് രാത്രി നടത്തം സംഘടിപ്പിക്കും. പയ്യാമ്പലത്ത് മുൻ DGP ഋഷിരാജ് സിംഗ് പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

കോഴിക്കോട്ടെ വിലങ്ങാട് ഉൾപ്പെടെ വാണിമേൽ പഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ ജില്ലാ കലക്ടർ നിർമാണ പ്രവൃത്തികൾക്ക് വിലക്കേർപ്പെടുത്തി. വിലങ്ങാട് പുനരധിവാസ പ്രവർത്തന അവലോകന യോഗത്തിലാണ് തീരുമാനം.

✪✪✪

കോഴിക്കോട് ജില്ലാ ആസൂത്രണ സമിതി ജില്ലയിലെ 24 തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകി. ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ ഷീജാ ശശിയുടെ അധ്യക്ഷതയിലായിരുന്നു യോഗം.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*